പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1113 — 05.03.2018-ൽ മറുപടിക്ക്

## തണ്ണീർത്തടം നികത്തുന്നത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പദ്ധതികൾക്കായി തണ്ണീർത്തടം നികത്തുന്നതിന് ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾക്കായാണ് ഈ അനുമതി നൽകിയിട്ടുള്ളത്;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഹെക്ടർ തണ്ണീർത്തടമാണ് ഇത്തരത്തിൽ നികത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്;<br><br>(സി) ഇത്തരം ഭൂമിയിൽ ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (എ) യും (ബി) യും (സി) യും<br><br>30.12.2017-ൽ 41/2017-ാം നമ്പരായി പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിലെ വകുപ്പ് 10-ലെ ഭേദഗതി വ്യവസ്ഥകൾ പ്രകാരം പൊതു ആവശ്യത്തിന് രൂപാന്തരപ്പെടുത്തൽ അത്യന്താപേക്ഷിതമാണെങ്കിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കി കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ വെളിച്ചത്തിൽ ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ ആറ്റിപ്രാ വില്ലേജിൽ വിവിധ സർവ്വെ നമ്പരുകളിലായി 861.2 ആർ ഭൂമിയും പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് വേണ്ടി മാത്രമാണ് തണ്ണീർത്തടം എന്ന വിഭാഗത്തിൽപ്പെട്ട ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത്. അനുമതി നൽകിയ ഭൂമിയുടെ 10% ആയ 91.05 ആർ ഭൂമിയിൽ ജലസംരക്ഷണത്തിനായി മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**